# പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.73</u> 20.03.2013 ൽ
<u>മറുപടിക്ക്</u>

## എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്ന പരിഹാരത്തിനായി രൂപീകരിച്ച സെൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ:<br>പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ):<br>,, കെ.കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി ) | |
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി രൂപീകരിച്ച സെല്ലിന്റെ ഘടനയും അധികാരങ്ങളും അറിയിക്കുമോ; | (എ) & (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി രൂപീകരിച്ച സെല്ലുകളുടെ ഘടനകളും സംവിധാനങ്ങളും ചുവടെ ചേർക്കുന്നു.<br>1. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ ആശ്വാസ നടപടികൾ നൽകുന്നതിലേക്കായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ഉള്ള എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് & റെമഡിയൽ സെൽ 2007 മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ലയിലെ എം.പി/എം.എൽ.എമാർ രക്ഷാധികാരികളായ സെല്ലിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലയിലെ 11 എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ, സാമൂഹ്യക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം , പൊതുവിതരണം തുടങ്ങിയ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ അംഗങ്ങളാണ്. ഗ്രാമപഞ്ചായത്ത് തലത്തിൽ |
| (ബി) | സെൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും പി.എച്ച്.സി / സി.എച്ച്.സി യിലെ മെഡിക്കൽ ഓഫീസർ കൺവീനറും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളായുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വാർഡ്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വാർഡ്തല സമിതികളും വിവിധ വകുപ്പുകളിലെ വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള ഉപസമിതികളും പ്രസ്തുത സെല്ലിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിലെ എൻഡോസൾഫാൻ വിഷയവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിശ്ചിത ഇടവേളകളിൽ ചേരുന്ന സെൽ യോഗത്തിൽ ചർച്ച ചെയ്യുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.<br>2. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും അവലോകനം ചെയ്യുന്നതിനുമായി ബഹു. കൃഷിമന്ത്രി ചെയർമാനും ജില്ല കളക്ടർ കൺവീനറും വിവിധതലങ്ങളിലുള്ള 49 പേർ അംഗങ്ങളായും ഉള്ള ജില്ലാതല സെൽ 15.10.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.3619/11/ആ.ക.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ അവ്യക്തതകൾ ഉള്ളതിനാൽ സെല്ലിന്റെ രൂപഘടനയിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനു വേണ്ടി ജില്ലാ കളക്ടർ ശുപാർശ നടത്തിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.<br>3. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി കാസർഗോഡ് |

| | | | |
|---|---|---|---|
| | | | കളക്ടറേറ്റിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലിൽ ഇതുസംബന്ധിച്ച് പ്രവർത്തനങ്ങളുടെ മേൽ നോട്ടം നിർവഹിക്കുന്നതിനായി ഒരു ഡെപ്യൂട്ടി കളക്ടറുടെ തസ്തിക താല്ക്കാലിക അടിസ്ഥാനത്തിൽ സൃഷ്ടിച്ചുകൊണ്ട് 8.7.2011 ലെ സ.ഉ(എം.എസ്)നം.250/2011/ആർ.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ചികിത്സ- ആശ്വാസ നടപടികളുടെയും പുനരധിവാസ പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിലവിൽ വഹിക്കുന്നത് പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നിയമനം ലഭിച്ച ഡെപ്യൂട്ടി കളക്ടർ (സ്പെഷ്യൽ സെൽ ഫോർ റീ ഹാബിലിറ്റേഷൻ ഓഫ് എൻഡോസൾഫാൻ വിക്ടിംസ് ) ആണ്. ദുരിതബാധിതരുടെ അന്തിമ പട്ടിക തയാറാക്കുന്നതും ആശ്വാസനടപടികൾ സംബന്ധിച്ചുള്ള പരാതികളിൽ നപടി സ്വീകരിക്കുന്നതും കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സെല്ലാണ്. എൻഡോസൾഫാൻ പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനം ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതും സ്പെഷ്യൽ സെൽ വഴിയാണ്. |
| (സി) | അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പ്രത്യേക പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും അതിനായി സർക്കാർ ഖജനാവിൽ നിന്ന് എന്തു തുക ചെലവഴിച്ചെന്നും അറിയിക്കാമോ? | (സി) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നബാർഡ് - ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം വിവിധ പ്രൊജക്റ്റുകൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 231 പ്രോജക്ടുകൾക്കായി 122 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. പദ്ധതി |

| | | | |
|---|---|---|---|
| | | | അടങ്കൽ തുടയുടെ 85% നബാർഡിൽ നിന്നുള്ള ലോണും 15% സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള വിഹിതവും ആയി ആരോഗ്യം, വിദ്യാഭ്യാസം , സാമൂഹ്യക്ഷേമം, ജലവിതരണം, മൃഗസംരക്ഷണം എന്നീ മേഖലകളിലാണ് പദ്ധതികൾ ആവിഷ്കരി ച്ചിട്ടുള്ളത്. ആശുപത്രി, സ്കൂളുകൾ, അംഗൻവാടികൾ തുടങ്ങിയവക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനു മാണ് പദ്ധതികൾ ആവിഷ്കരി ച്ചിട്ടുള്ളത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ